# അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകളും അവയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും


## ബി.എ. പ്രകാശ്

**(ചെയർമാൻ,
അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ)**






**ഫെബ്രുവരി 2018**

**തിരുവനന്തപുരം ഇക്കണോമിക്ക് സ്റ്റഡീസ് സൊസൈറ്റി
(റ്റി.ഇ.എസ്.എസ്.)**

# ആമുഖം

ഇന്ത്യൻ ഭരണഘടന അനുസരിച്ച് കേന്ദ്ര ധനകാര്യ കമ്മിഷൻ, കേന്ദ്ര സർക്കാരിന്റെ നികുതികളുടെ ഒരു വിഹിതവും, ഗ്രാന്റുകളും സംസ്ഥാന ങ്ങൾക്കും, സംസ്ഥാന ധനകാര്യ കമ്മിഷൻ, സംസ്ഥാന നികുതികളുടെ ഒരു വിഹിതവും ഗ്രാന്റുകളും പ്രാദേശിക സർക്കാരുകൾക്കും അഞ്ചു വർഷക്കാലം നൽകാൻ ശുപാർശ ചെയ്യേണ്ട സ്ഥാപനങ്ങളാണ്. പ്രാദേശിക സർക്കാരുകളുടെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള നിർദ്ദേശ ങ്ങൾ നൽകേണ്ട ചുമതലയും സംസ്ഥാന ധനകാര്യ കമ്മിഷനാണ്. നമ്മുടെ ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര സംസ്ഥാന ധനകാര്യ കമ്മി ഷനുകൾക്ക് സുപ്രധാനമായ പങ്കാണ് ഉള്ളത്.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷനിൽ ഡോ. ബി.എ. പ്രകാശ് അധ്യക്ഷനും, ശ്രീ. ജെയിംസ് വർഗീസ്, ഡോ. വി. കെ. ബേബി എന്നിവർ അംഗങ്ങളുമായിരുന്നു. കമ്മിഷൻ പ്രാദേശിക സർക്കാരുകൾക്ക് നൽ കേണ്ട വിഹിതം ശുപാർശ ചെയ്തുകൊണ്ടുള്ള ഒന്നാം ഭാഗ റിപ്പോർട്ട് 2015 ഡിസംബറിലും, മറ്റ് കാര്യങ്ങൾക്കുള്ള ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് 2016 മാർച്ചിലും സംസ്ഥാന ഗവർണർക്ക് സമർപ്പിച്ചു. കമ്മിഷന്റെ ശുപാർശയനുസരിച്ച് നികുതിവിഹിതം നൽകേണ്ടത് 2016-17 മുതൽ 2020-21 വരെയാണ്.

കമ്മിഷൻ നൽകിയ ഓരോ ശുപർശയിൻമേലും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിയ്ക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമ സഭയിൽ വയ്ക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നു. എന്നാൽ ഈ റിപ്പോർട്ട് നിയമസഭയിൽ വച്ചത് 2018 ഫെബ്രുവരി 7 നാണ്. തന്മൂലം കമ്മിഷൻ ശുപാർശകൾ രണ്ട് വർഷം നടപ്പാക്കിയില്ല. ഇതുമൂലം കേരള ത്തിലെ 1200 പ്രാദേശിക സർക്കാരുകൾക്ക് (941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസി പ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ) ധനകാര്യ കമ്മിഷൻ ശുപാർശ അനു സരിച്ച് ലഭിക്കേണ്ട നികുതി വിഹിതവും മറ്റു ഗ്രാൻറുകളും 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചിട്ടില്ല.

പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട ഫണ്ടിനെ കുറിച്ചുള്ള അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ പൊതുവിൽ സംസ്ഥാന സർക്കാർ നിരസിച്ചു. (1). 2016–17 ൽ സംസ്ഥാന സർക്കാരിന്റെ മൊത്തം തനതു നികുതി വരുമാനത്തിന്റെ 20 ശതമാനമാണ് പ്രാദേശിക സർക്കാരുകൾക്ക് ശുപാർശ ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഓരോ വർഷ വും ഓരോ ശതമാനം വീതം വർദ്ധിപ്പിച്ച് 2020–21 ൽ ഇത് 24 ശതമാന മാക്കും. ഈ ശുപാർശ നിരസിച്ചു. (2) കേന്ദ്ര ധനകാര്യ കമ്മിഷന്റെ മാതൃകയിൽ, അതാതു വർഷത്തെ തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഹിതം നൽകണമെന്ന ശുപാർശയും നിരസിച്ചു. രണ്ട് വർഷം മുൻപുള്ള നികുതി വരുമാന ത്തിന്റെ അടിസ്ഥാനത്തിൽ നൽകിയാൽ മതിയെന്ന് തീരുമാനിച്ചു.(3). വാർഷിക പദ്ധതിയ്ക്ക് വേണ്ടി സംസ്ഥാന നികുതിവിഹിതത്തിന്റെ 11 മുതൽ 14.5 ശതമാനം നൽകണമെന്ന ശുപാർശയും നിരസിച്ചു. സംസ്ഥാന പദ്ധതിയുടെ ഒരു വിഹിതം നൽകിയാൽ മതിയെന്നും തീരുമാനിച്ചു. (4). സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി ഫണ്ടിൽ കേന്ദ്ര ധനകാര്യ കമ്മിഷൻ പ്രാദേശിക സർക്കാരുകൾക്ക് സിവിക് സർവീസുകൾ നടത്താൻ വേണ്ടി നൽകുന്ന ഗ്രാൻറ് ഒഴിച്ച് നൽകണം എന്ന ശുപാർശയും സ്വീകരിച്ചില്ല. പ്രത്യേക ആവശ്യത്തിനു നൽകുന്ന ഈ ഗ്രാൻറും പദ്ധതിയുടെ ഭാഗമാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല. (5). ഓരോ പ്രാദേശിക സർക്കാ രിനും ഓരോ വർഷവും കമ്മിഷന്റെ ശുപാർശ അനുസരിച്ച് ലഭിക്കേണ്ട തുക മുൻകൂട്ടി കമ്മിഷൻ ശുപാർശ ചെയ്യണമെന്നു പ്രാദേശിക സർക്കാ രുകൾ കമ്മിഷനോട് ആവശ്യപ്പെട്ടിരുന്നു. അത്തരത്തിലുള്ള ശുപാർശയും നിരസിച്ചു. തന്മൂലം തങ്ങൾക്ക് അടുത്ത വർഷം എത്ര തുക ലഭിക്കു മെന്നത് അനിശ്ചിതത്വത്തിലായി. (6). യഥാർത്ഥ ആസ്തികളുടെ (റോഡ്, നോൺ–റോഡ്) അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് നൽകണമെന്ന ശുപാർശയും നിരസിച്ചു. പ്രാദേശിക സർക്കാരുകളുടെ കുത്തഴിഞ്ഞു കിടക്കുന്ന ആസ്തി രജിസ്റ്റർ സംവിധാനം കൃത്യമാക്കുന്നതിനും, വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നൽകുന്നതിനുമാണ് ശുപാർശ ചെയ്തത്. ഇതിനു പകരം ഊഹകണക്കിന്റെ അടിസ്ഥാനത്തിൽ പണം നൽകണമെന്ന നിലപാടിലാണ് സർക്കാർ.

സർക്കാരിന്റെ ഈ നടപടി മൂലം കമ്മിഷൻ ശുപാർശ ചെയ്ത തിനേക്കാൾ കുറഞ്ഞ തുകയാണ് സംസ്ഥാനത്തെ പ്രാദേശിക സർക്കാ രുകൾക്ക് മൂന്നു വർഷം ബജറ്റ് വിഹിതമായി ലഭിച്ചത്. 2016–17 ൽ കമ്മിഷൻ ശുപാർശ ചെയ്തത് 9687 കോടി രൂപയും, ബജറ്റ് വിഹിതമായി

നൽകിയത് 8671 കോടി രൂപയുമാണ് (10 ശതമാനം കുറവ്). 2017-18 ൽ കമ്മിഷൻ 11363 കോടി രൂപ ശുപാർശ ചെയ്ത സ്ഥാനത്ത് ബജറ്റ് വിഹിതമായി നൽകിയത് 9775 കോടി രൂപയാണ് (14 ശതമാനം കുറവ്). 2018-19 ൽ 13304 കോടി രൂപ ശുപാർശ ചെയ്ത സ്ഥാനത്ത് സർക്കാർ ബജറ്റ് വിഹിതമായി നൽകിയത് 10771 കോടി രൂപയാണ് (19 ശതമാനം കുറവ്). എന്നാൽ കമ്മിഷന്റെ നികുതി വരുമാനം വർദ്ധിപ്പിയ്ക്കാനും, വാർഷിക പദ്ധതി മെച്ചമാക്കാനും, മറ്റിനങ്ങളിലുമുള്ള ശുപാർശകളിൽ ഭൂരിഭാഗവും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇവ എത്രത്തോളം നടപ്പിലാക്കുമെന്നത് കാത്തിരുന്ന് കാണേണ്ട കാര്യമാണ്.

കമ്മിഷന്റെ ശുപാർശകൾ രണ്ട് വർഷം നടപ്പിലാക്കാത്ത നടപടിയും, നികുതി വിഭജന ശുപാർശകൾ നിരസിച്ച നടപടിയും വളരെ ഗൗരവമായ പല പ്രശ്നങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. (1). ഭരണഘടനാ സ്ഥാപനമായ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ രണ്ട് വർഷം നടപ്പിലാക്കിയില്ല (2016-17, 2017-18). തന്മൂലം 1200 പ്രാദേശിക സർക്കാരുകൾക്ക് ഭരണഘടനാപ്രകാരം അവർക്ക് അവകാശപ്പെട്ട നികുതിവിഹിതം നിഷേധിക്കപ്പെട്ടു. (2). കമ്മിഷന്റെ നികുതി വിഭജന മാനദണ്ഡങ്ങൾ പൊതുവിൽ സർക്കാർ നിരാകരിച്ചു. പ്രാദേശിക സർക്കാരുകളുടെ മെച്ചമായ ഭരണ നിർവഹണം, കൈമാറ്റം ചെയ്യപ്പെട്ട ആസ്തികളുടെ സംരക്ഷണം, പ്രാദേശിക വികസന പദ്ധതികളുടെ നടത്തിപ്പ് എന്നിവയ്ക്ക് കമ്മിഷൻ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ശുപാർശ നൽകിയത്. ഇതും അട്ടിമറിയ്ക്കപ്പെട്ടു. (3). ഭരണഘടന അനുസരിച്ച് സൃഷ്ടിക്കപ്പെട്ട ഫെഡറൽ ധനകാര്യ സംവിധാനം അട്ടിമറിയ്ക്കപ്പെട്ടിരിയ്ക്കുന്നു. സംസ്ഥാന സർക്കാരുകൾ സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കാത്തതും, കേന്ദ്ര സർക്കാർ കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കാത്തതുമായ സ്ഥിതി നമ്മുടെ ഫെഡറൽ സംവിധാനത്തെ സാമ്പത്തിക അരാജകത്വത്തിലേക്ക് നയിക്കുന്ന നടപടിയാണ്. (4). ധനകാര്യ കമ്മിഷൻ ധനവികേന്ദ്രീകരണ പ്രക്രിയയുടെ ആണിക്കല്ലാണ്. ഈ നടപടി കേരളത്തിലെ വികേന്ദ്രീകരണ പ്രക്രിയ അട്ടിമറിക്കുകയും, സാമ്പത്തിക കേന്ദ്രീകരണത്തിലേക്കും നയിച്ച നടപടിയാണ്. (5). വികേന്ദ്രീകരണ പ്രക്രിയയിലും സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾ നടത്തുന്നതിലും മറ്റ് സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിൽ നിന്ന കേരളം ഈ നടപടിയിലൂടെ ബഹുദൂരം പിന്നോട്ട് പോയിരിയ്ക്കുന്നു. വികേന്ദ്രീകരണ ചരിത്രത്തിലെ ഒരു കറുത്ത അധ്യായമായി ഇതിനെ കാണാം (6). ധനകാര്യ കമ്മിഷനെ നിരാകരിച്ച നടപടി സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ

കൃത്യവിലോപം അഥവാ ഭരണ വീഴ്ചയായി കാണാം. ഇതിന് ഒരു ന്യായീകരണവും പറയാൻ കഴിയില്ല. ഇത്തരത്തിലുള്ള തുഗ്ലക്ക് മോഡൽ നടപടികൾ സംസ്ഥാനത്തെ പിന്നോട്ട് നയിച്ച ചരിത്രമേ നമ്മുടെ മുന്നിലുള്ളൂ.

സർക്കാർ അഞ്ചാം ധനകാര്യ കമ്മിഷൻ റിപ്പോർട്ടിന് വേണ്ടത്ര പരിഗണന നൽകിയില്ലെങ്കിലും ഈ റിപ്പോർട്ട് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെയും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെയും, ധനസ്ഥിതിയെയും, പദ്ധതി പ്രവർത്തനങ്ങളെയും, ധനകാര്യ വിഷയങ്ങളെയും പരിശോധിക്കുന്ന ഗൗരവമായ പഠനമാണ്. സംസ്ഥാനത്തെ 139 പ്രാദേശിക സർക്കാരുകളുമായി നേരിട്ട് ചർച്ച നടത്തി, അവർ ഉന്നയിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും പരിശോധിച്ചും, സംസ്ഥാനത്തെ 1200 പ്രാദേശിക സർക്കാരുകളിൽ നിന്നും വിശദമായ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിയ്ക്കുന്നത്. പതിനഞ്ചു അധ്യായങ്ങളുള്ള ഈ റിപ്പോർട്ട് (രണ്ടു ഭാഗം) താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നു. മുൻ ധനകാര്യ കമ്മിഷന്റെ ശുപാർശകളുടെ അവലോകനം, സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെ കുറിച്ചുള്ള അവലോകനം, ത്രിതല പഞ്ചായത്തുകളുടെ ധനസ്ഥിതി, ധനഘടന എന്നിവയെക്കുറിച്ചുള്ള ചർച്ച, മുനിസിപ്പാലിറ്റികളുടെയും, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ധനസ്ഥിതി, തനത് നികുതി, നികുതിയേതര ഇനങ്ങളുടെ സമാഹരണം, ആസ്തികളുടെ മെയിന്റനൻസ്, 14-ാം കേന്ദ്ര നകാര്യകമ്മിഷനും പ്രാദേശിക സർക്കാരുകളും, സംസ്ഥാന നികുതി വരുമാനത്തിന്റെ വിന്യാസം, ധനകാര്യ മറ്റ് വിഷയങ്ങൾ, പദ്ധതി രൂപീകരണവും, നടത്തിപ്പും, അധികാര വികേന്ദ്രീകരണ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ നിയമങ്ങൾ, നിയമാവലികൾ, സർക്കാർ നടപടിക്രമങ്ങൾ എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയാണ്. പരമ്പരാഗതരീതിയിൽ നിന്നും വ്യത്യസ്തമായി നികുതി വിഭജനത്തിനു ഒരു പുതിയ രീതി ശാസ്ത്രവും (methodology) അവതരിപ്പിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം, അധികാര വികേന്ദ്രീകരണം സൃഷ്ടിച്ച പ്രശ്നങ്ങൾ, ധനസ്ഥിതി, നികുതി സമാഹരണം, പദ്ധതി പ്രവർത്തനം, ധനവികേന്ദ്രീകരണം മറ്റ് ധനകാര്യ വിഷയങ്ങൾ എന്നിവയെ കുറിച്ച് പഠിയ്ക്കാൻ ഈ റിപ്പോർട്ട് വളരെ സഹായകരമാകുമെന്ന് ഞാൻ കരുതുന്നു.

കവടിയാർ **ബി.എ.പ്രകാശ്**

2018, ഫെബ്രുവരി 16.

## അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ ഒന്നാം ഭാഗം റിപ്പോർട്ട് (2015 ഡിസംബർ 19 ന് ബഹു:കേരള ഗവർണർക്ക് സമർപ്പിച്ചു)

### I. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വിന്യാസം

1. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ കേന്ദ്ര ധനകാര്യ കമ്മിഷന്റെ രീതി അനുസരിച്ച് അതാത് വർഷത്തെ തനത് നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക സർക്കാരുകളുടെ നികുതി വിഹിതം ശുപാർശ ചെയ്തത്. *(ശുപാർശ നിരസിച്ചു. രണ്ട് വർഷം മുൻപുള്ള തനത് നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ തീരുമാനിച്ചു)*

2. ഓരോ പ്രാദേശിക സർക്കാരുകൾക്കും ഓരോ വർഷവും ഓരോ ഇനത്തിലും അഞ്ച് വർഷക്കാലം ലഭിയ്ക്കേണ്ട തുക അപ്പൻഡിക്സ് 10.1 പ്രകാരം കമ്മിഷൻ ശുപാർശ ചെയ്തു. *(ശുപാർശ നിരസിച്ചു)*

3. സംസ്ഥാനത്തിന്റെ മൊത്തം തനത് നികുതി വരുമാനം/സംസ്ഥാന പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിലാണ് മുൻ സംസ്ഥാന ധനകാര്യ കമ്മിഷനുകൾ ധനവിന്യാസം നടത്തിയിരുന്നത്. നികുതി പിരിയ്ക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ കുറച്ചതിന് ശേഷമുള്ള സംസ്ഥാനത്തിന്റെ അറ്റ തനത് നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനവിന്യാസം നടത്തുന്നതിന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശ അംഗീകരിച്ചു)*

4. പതിനാലാം ധനകാര്യ കമ്മിഷൻ സിവിക് സർവീസിന് നൽകിയിട്ടുള്ള ഗ്രാന്റ് പ്രത്യേക ഗ്രാന്റായി പരിഗണിയ്ക്കണമെന്നും സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾക്ക് പുറമേ നൽകണമെന്നും ശുപാർശ ചെയ്തു. *(ശുപാർശ നിരസിച്ചു)*

5. സംരക്ഷണ ഫണ്ട് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും റോഡ് റോഡിതര ആസ്തി

കളുടെ സംരക്ഷണത്തിനു മാത്രമായി ഉപയോഗിക്കേണ്ടതാണ് എന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശ നിരസിച്ചു)*

6. സംസ്ഥാന തനത് നികുതി വരുമാനം (SOTR) സംബന്ധിച്ച് കമ്മിഷൻ നടത്തിയിട്ടുള്ള പ്രക്ഷേപണം (projection) അടിസ്ഥാന മാക്കി ധനവിന്യാസം നടത്താൻ കമ്മിഷൻ ശുപാർശ ചെയ്തു. സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനത് വരുമാനത്തിന്റെ 20% വരുന്ന തുക ടി (t) അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരു കൾക്ക് 2016-17 ൽ കൈമാറ്റം ചെയ്യണമെന്നു കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത് ഒരു ശതമാനം വീതം വർദ്ധിപ്പിച്ച് 2020-21 ൽ 24 ശതമാനം നൽകണം. *(ശുപാർശ നിരസിച്ചു)*

7. സംസ്ഥാനത്തിന്റെ വാർഷിക അറ്റ നികുതി വരുമാനത്തിന്റെ 3.5% തുക പ്രാദേശിക സർക്കാരുകൾക്ക് പൊതു ആവശ്യ ഫണ്ടായി ടി (t) അടിസ്ഥാനത്തിൽ അവാർഡ് കാലയളവിൽ നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഈ തുക കമ്മിഷൻ റിപ്പോർട്ടിലെ ഖണ്ഡിക 10.35 ലും 10.36 ലും പറയുന്ന കാര്യങ്ങൾക്ക് മാത്രമേ ചെലവഴിക്കാവൂ എന്നും കമ്മിഷൻ നിഷ്കർഷിച്ചിട്ടുണ്ട്. *(രണ്ട് വർഷം മുൻപുള്ള സംസ്ഥാന നികുതി വരുമാനത്തിന്റെ (t-2) അടിസ്ഥാനത്തിൽ നൽകാൻ തീരുമാനിച്ചു. നിലവിലുള്ള ചെല വിനങ്ങൾ അതേപടി തുടരാനും സർക്കാർ തീരുമാനിച്ചു)*

8. സംസ്ഥാനത്തിന്റെ വാർഷിക അറ്റ നികുതി വരുമാനത്തിന്റെ 5.5% തുക പ്രാദേശിക സർക്കാരുകൾക്ക് സംരക്ഷണ ഫണ്ടായി ടി (t) അടിസ്ഥാനത്തിൽ 2016-17 വർഷം നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത് 6% ആയി വർദ്ധിപ്പിക്കണം. ഖണ്ഡിക 10.37 ൽ പറഞ്ഞിരിയ്ക്കുന്ന കാര്യ ങ്ങൾക്ക് മാത്രമേ ഫണ്ട് ചെലവഴിക്കാവൂ. *(t-2 അടിസ്ഥാനത്തിൽ 2016-17 ൽ 5.5%, 2017-18 ൽ 5.6%, 2018-19 ൽ 5.75%, 2019-20 ൽ 5.9%, 2020-21 ൽ 6% ആയി നൽകാൻ തീരുമാനിച്ചു)*

9. സംസ്ഥാനത്തിന്റെ വാർഷിക അറ്റ നികുതി വരുമാനത്തിന്റെ 11% തുക വികസന ഫണ്ടായി (വാർഷിക പദ്ധതി) ടി (t) അടിസ്ഥാന ത്തിൽ 2016-17 ൽ പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിനുശേഷം ടി നിരക്ക് 2017-18ൽ 11.5% ഉം 2018-19 ൽ 12.5% ഉം 2019-20 ൽ 13.5% ഉം 2020-21ൽ 14.5% ഉം ആയി വർദ്ധിപ്പിക്കാനും കമ്മിഷൻ ശുപാർശ

ചെയ്തിട്ടുണ്ട്. *(ശുപാർശ നിരസിച്ചു. സംസ്ഥാന പദ്ധതി അടങ്കലിന്റെ വിഹിതം നൽകാൻ തീരുമാനിച്ചു. 2016-17 ൽ 23%, 2017-18 ൽ 23.5%, 2018-19 ൽ 24%, 2019-20 ൽ 24.5%, 2020-21 ൽ 25% ആയും നൽകാൻ തീരുമാനിച്ചു)*

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കായി വിടവ് നികത്തൽ ഫണ്ട് വിതരണം ചെയ്യുന്നതിനും, ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുള്ള പൊതു ആവശ്യ ഫണ്ട് വിഹിതത്തിൽ നിന്നും 50 കോടി രൂപ ഇതിനായി മാറ്റി വയ്ക്കുന്നതിനും കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മുൻ വർഷത്തെ വിടവിന് (t-1) അനുപാതമായിട്ടുള്ള ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യണം. *(സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുനിസിപ്പാലിറ്റികൾക്കും വിടവ് നികത്തൽ ഫണ്ടിന് അർഹതയുണ്ടായിരിയ്ക്കും എന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു.)*

11. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ അതാത് വർഷങ്ങളിലെ തനി തുകയുടെ അടിസ്ഥാനത്തിൽ കണക്കു കൂട്ടിയ പ്രകാരം 8599.48 കോടി രൂപ 2016-17ലും, 2017-18 ൽ 10105.94 കോടി രൂപയും, 2018-19 ൽ 11850.44 കോടി രൂപയും, 2019-20 ൽ 13868.59 കോടി രൂപയും, 2020-21 വർഷത്തിൽ 16201.19 കോടി രൂപയും വിതരണം ചെയ്യാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന് പുറമേ കേന്ദ്ര ധനകാര്യ കമ്മിഷൻ നൽകുന്ന ഗ്രാൻറ് നൽകണം. *(ശുപാർശ നിരസിച്ചു)*

12. യഥാർത്ഥ നികുതി വസൂലാക്കലിന്റെ അടിസ്ഥാനത്തിൽ കമ്മിഷൻ പ്രക്ഷേപണം നടത്തിയിട്ടുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ മൊത്തം തുകയിലും തനി തുകയിലും ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതും ഏറ്റക്കുറച്ചിലുകൾ വരും വർഷങ്ങളിൽ ക്രമീകരിക്കാവുന്നതുമാണ് എന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശ നിരസിച്ചു)*

13. ധന വിന്യാസ പ്രകാരമുള്ള ഫണ്ടുകൾ പ്രാദേശിക സർക്കാരുകളുടെ പബ്ലിക് അക്കൗണ്ടുകളിലേക്ക് ഏപ്രിൽ മാസം മുതൽ 12 ഗഡുക്കളായി നൽകേണ്ടതാണ്. ഇപ്രകാരമുള്ള കൈമാറ്റത്തിന്റെ രണ്ടാമത്തെയും തുടർന്നുള്ള ഗഡുക്കളും അതിന് മുൻപ് നൽകിയിട്ടുള്ള തുകയുടെ 80% വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്തിയതിനുശേഷമായിരിയ്ക്കണം. വികസനഫണ്ടുകൾ പ്രാദേശിക

സർക്കാരുകൾ ഉപയോഗപ്പെടുത്താത്ത കാരണത്താൽ നഷ്ടപ്പെടുകയില്ല. *(ശുപാർശ നിരസിച്ചു. നിലവിലുള്ള ഫണ്ട് കൈമാറ്റ സംവിധാനം തുടരും)*

14. ഖണ്ഡിക 10.49 ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പൊതു ആവശ്യ ഫണ്ടിന്റെ തിരശ്ചീന വിന്യാസം (horizontal devolution) നടത്തണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിരിയ്ക്കുന്നു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിങ്ങനെ ഓരോ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം ഖണ്ഡിക 10.49 ൽ (എ മുതൽ ഒ വരെ) പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിർവഹിക്കേണ്ടതാണ്. *(ശുപാർശകൾ പൊതുവിൽ നിരസിച്ചു. ചിലത് ഭേദഗതിയോടെ അംഗീകരിച്ചു.)*

15. സംരക്ഷണ ഫണ്ടിന്റെ തിരശ്ചീന വിന്യാസം നടത്തേണ്ടത് ഖണ്ഡിക 10.50 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലെയും ഓരോ പ്രാദേശിക സർക്കാരുകളുടെയും ഫണ്ട് വിതരണം ചെയ്യുന്നത് ഖണ്ഡിക 10.50 (എ മുതൽ സി വരെ) ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചായിരിയ്ക്കണം. *(സംരക്ഷണ ഫണ്ട് ആസ്തികളുടെ അടിസ്ഥാനത്തിൽ വിതരണം പാടില്ല. കമ്മിഷന്റെ ശുപാർശകൾ പൊതുവിൽ നിരസിക്കുന്നു. നാലാം ധനകാര്യ കമ്മിഷന്റെ കാലത്ത് വിതരണം ചെയ്തിരുന്നത് പോലെ ഊഹ കണക്കിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം)*

16. വികസന ഫണ്ടിന്റെ തിരശ്ചീന വിന്യാസവും, എസ്.സി.പി. ഫണ്ട്, ടി.എസ്.പി. ഫണ്ട്, പൊതു വിഭാഗം ഫണ്ട് എന്നിവയുടെ വിതരണവും ഖണ്ഡിക 10.51 ൽ (എ മുതൽ സി വരെ) പരാമർശിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചായിരിയ്ക്കണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശകൾ അംഗീകരിച്ചു)*

17. ഖണ്ഡിക 10.52 ൽ (എ മുതൽ ഡി വരെ) പറഞ്ഞിരിയ്ക്കുന്ന പ്രകാരമായിരിയ്ക്കണം വികസനഫണ്ടിലെ എസ്. സി. പി. വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്ന് കമ്മിഷൻ ശുപാർശ ചെയ്തു. *(ഭേദഗതികളോടെ അംഗീകരിച്ചു)*

18. ഖണ്ഡിക 10.53 ൽ (എ മുതൽ ഡി വരെ) പറഞ്ഞിരിയ്ക്കുന്ന പ്രകാരമായിരിയ്ക്കണം വികസന ഫണ്ടിലെ ടി.എസ്.പി. വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്നു കമ്മിഷൻ ശുപാർശ ചെയ്തു. *(ഭേദഗതികളോടെ അംഗീകരിച്ചു)*

19. പട്ടിക 10.10 ൽ പറഞ്ഞിരിയ്ക്കുന്ന പ്രകാരമായിരിയ്ക്കണം വികസന ഫണ്ടിലെ പൊതു വിഭാഗ വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്ന് കമ്മിഷൻ ശുപാർശ ചെയ്തു. *(ശുപാർശ നിരസിച്ചു)*

20. പ്രാദേശിക സർക്കാരുകളിലേക്കുള്ള ഫണ്ട് കൈമാറ്റം സംബന്ധിച്ച ഫലപ്രദമായ നിരീക്ഷണത്തിന്, പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട് (റോഡും, റോഡിതരവും), വികസന ഫണ്ട് എന്നിങ്ങനെയുള്ള എല്ലാ ഫണ്ട് കൈമാറ്റങ്ങളും 3604 എന്ന മുഖ്യ ശീർഷകത്തിൽ ഉചിതമായ ഉപശീർഷകങ്ങൾ മുഖേനയായിരിയ്ക്കണം വിതരണം ചെയ്യേണ്ടത് എന്ന് കമ്മിഷൻ ശുപാർശ ചെയ്തിരിയ്ക്കുന്നു. *(ശുപാർശ അംഗീകരിച്ചു)*

21. കമ്മിഷൻ പ്രക്ഷേപണം ചെയ്തിരിയ്ക്കുന്ന അതതു വർഷത്തെ സംസ്ഥാന തനത് നികുതി വരുമാനത്തിൽ നിന്ന് പട്ടിക 4.10 ൽ കാണിച്ചിരിയ്ക്കുന്ന നികുതി പിരിവ് സംബന്ധിച്ച ചെലവ് കുറവ് ചെയ്യുമ്പോൾ ലഭിയ്ക്കുന്ന തനത് നികുതി വരുമാനമായിരിയ്ക്കും ലംബമായ ധനവിന്യാസത്തിന്റെ (Vertical devolution) അടിസ്ഥാനം എന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശയിൽ തുടർ നടപടികൾ ആവശ്യമില്ല)*

## II. ആസ്തികളുടെ സംരക്ഷണം

22. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 0.28% റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും പൊതു ആവശ്യഫണ്ടിലേക്ക് മാറ്റേണ്ടതും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ എല്ലാവിധ ആവർത്തന ചെലവുകൾ, പ്രവർത്തന ചെലവുകൾ, മരുന്ന് വാങ്ങുന്നതിനുള്ള ചെലവ് മുതലായവ ഇനി മുതൽ പൊതു ആവശ്യ ഫണ്ടിൽ നിന്ന് മാത്രം വഹിക്കണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(തുടർ നടപടികൾ ആവശ്യമില്ല)*

23. റോഡിന്റെയും റോഡിതര ആസ്തികളുടെയും അടിസ്ഥാനത്തിൽ സംരക്ഷണ ഫണ്ട് 78.1:21.9 എന്ന അനുപാതത്തിൽ വിഭജിച്ചു നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(തുടർ നടപടികൾ ആവശ്യമില്ല)*

24. പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനായി റോഡ്, റോഡിതര ആസ്തികളുടെ വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ ശരിയാണോ എന്ന് പരിശോധിക്കുകയും ആനുകാലികമായി പരിഷ്കരിക്കുകയും വേണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

25. സംരക്ഷണ ഫണ്ട് നിശ്ചയിക്കുന്നത് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങളിൽ ആയതിനാൽ സംരക്ഷണ ജോലികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. റോഡ് അറ്റകുറ്റപണിയും, റീടാറിംഗ് ജോലികളും കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും നടത്തുന്നതിനുള്ള കാലയളവ് രണ്ട് വർഷമായി ഉയർത്തണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(PMGSY പ്രവർത്തികൾക്ക് നിശ്ചയിച്ചിരിയ്ക്കുന്ന രീതിയിൽ റോഡ് അറ്റകുറ്റപണികളും റീടാറിംഗ് ജോലികളും അഞ്ച് വർഷത്തിലൊരിയ്ക്കൽ നടത്തണമെന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു)*

26. പട്ടിക 8.8 ൽ പറയുന്ന പ്രകാരം റോഡ്, റോഡിതര ആസ്തികളുടെ കണക്കനുസരിച്ചായിരിയ്ക്കണം ഓരോ വിഭാഗം പ്രാദേശിക സർക്കാരുകൾക്കും അർഹതപ്പെട്ട വിഹിതം നിശ്ചയിക്കേണ്ടതെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ നിരസിച്ചു)*

## III. കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റുകൾ

27. ഭരണഘടനയുടെ അനുച്ഛേദം 280 (3) (ബി.ബി.)യിലും (സി) യിലും അനുശാസിക്കുന്ന പ്രകാരം പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മിഷൻ അതിന്റെ ശുപാർശകൾ രൂപപ്പെടുത്തുന്ന വേളയിൽ സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾ കൂടി അനുകൂലമായി പരിഗണിയ്ക്കുവാൻ സംസ്ഥാന സർക്കാർ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മിഷനോട് അഭ്യർത്ഥിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശ അംഗീകരിച്ചു)*

28. കേന്ദ്ര ധനകാര്യ കമ്മിഷൻ ഫണ്ടിന്റെ അടിസ്ഥാന ഗ്രാൻറ് പൊതു ആവശ്യ ഫണ്ട് വിതരണം ചെയ്യുന്ന അതേ ഫോർമുല പ്രകാരം അതായത് ജനസംഖ്യയ്ക്ക് 80% (2011 സെൻസസ് പ്രകാരം) സ്ഥലത്തിന്റെ വിസ്തീർണം 10%, തനത് വരുമാനത്തിലുണ്ടാകുന്ന കുറവിന് (Inverse of own Income) 10% ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് വിതരണം

ചെയ്യണമെന്നു കമ്മിഷൻ ശുപാർശ ചെയ്തു. *(ശുപാർശ നിരസിച്ചു)*

29. കേരള പഞ്ചായത്ത് രാജ് ആക്ടും, കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം നിർവഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമ്മാർജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവ് വിളക്കുകൾ കത്തിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായ ചെലവുകൾക്ക് ബേസിക് ഗ്രാന്റ് ഉപയോഗിക്കുന്നതിനു ശുപാർശ ചെയ്യുന്നു. *(ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു)*

30. പ്രാദേശിക സർക്കാരുകളുടെ തനത് വരുമാനം മുൻവർഷത്തേക്കാൾ കൂടുതലായിരിയ്ക്കണമെന്നു നിബന്ധന ഉള്ളതിനാൽ പതിനാലാം ധനകാര്യകമ്മിഷന്റെ പെർഫോർമൻസ് ഗ്രാൻറ് ലഭിയ്ക്കുന്നതിലേക്കായി പ്രാദേശികസർക്കാരുകളുടെ നികുതി നികുതിയേതര നിരക്കുകൾ അടിയന്തിരമായി പരിഷ്ക്കരിയ്ക്കണമെന്ന് ശുപാർശ ചെയ്യുന്നു. *(ശുപാർശ തത്വത്തിൽ അംഗീകരിച്ചു)*

31. ഫണ്ട് കൈമാറ്റം സംബന്ധിച്ച നിരീക്ഷണം സുഗമമാക്കുന്നതിലേക്കായി ബേസിക് ഗ്രാന്റും പെർഫോർമൻസ് ഗ്രാന്റും 3604 എന്ന മുഖ്യ ശീർഷകത്തിൽ ഉചിതമായ ഉപശീർഷകങ്ങൾ വഴി വിതരണം ചെയ്യണമെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശകൾ അംഗീകരിച്ചു)*

## IV. പ്രാദേശിക സർക്കാരുകളുടെ തനതു വിഭവസമാഹരണം

### വസ്തുനികുതി

32. കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും പറയും പ്രകാരം വസ്തു നികുതി 5 വർഷം കൂടുമ്പോൾ പരിഷ്ക്കരിക്കുകയും ഇതിനാവശ്യമായ ചട്ടങ്ങൾ കാലോചിതമായി നിർമ്മിക്കേണ്ടതും/ഭേദഗതി ചെയ്യേണ്ടതുമാണ്. നികുതി പരിഷ്ക്കരണത്തിൽ വീഴ്ച ഉണ്ടാവുകയും പ്രാദേശിക സർക്കാരുകൾക്ക് ഇക്കാരണത്താൽ നഷ്ടം ഉണ്ടാകുകയും ചെയ്താൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203(4) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233(4) വകുപ്പിലും വിഭാവനം ചെയ്തിരിയ്ക്കുന്നതുപോലെ പ്രതിവർഷം 5% എന്ന തോതിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(വസ്തു നികുതി എല്ലാവർഷവും 5% വർധിപ്പിക്കാൻ തീരുമാനിച്ചു. നഷ്ടപരിഹാര നിർദ്ദേശം നിരസിച്ചു)*

33. വസ്തു നികുതിയുടെ ചുരുങ്ങിയ നിരക്കും ഏറ്റവും കൂടിയ നിരക്കും തമ്മിലുള്ള അന്തരം ചുരുക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. ചുരുങ്ങിയ നിരക്ക് ഏറ്റവും കൂടിയ നിരക്കിന്റെ 75% ത്തേക്കാൾ കുറയരുത്. *(ശുപാർശ നിരസിച്ചു)*

34. അനധികൃത നിർമ്മാണങ്ങളും, മറ്റ് പ്രവർത്തികളും കണ്ടെത്തുന്നതിനും അവയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിനും വ്യക്തമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വേണ്ട നിർദ്ദേശം പ്രാദേശിക സർക്കാരുകൾക്ക് നൽകണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

35. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും പ്രാദേശിക സർക്കാരുകളുടെ വസ്തുനികുതിക്ക് വിധേയമാക്കണമെന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അതിലേക്കായി ഭരണഘടനയുടെ അനുച്ഛേദം 285 (1) ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അഭ്യർഥിക്കുകയും വേണം. *(ശുപാർശ അംഗീകരിച്ചു)*

36. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235-ാം വകുപ്പിന്റെ ഖണ്ഡവും (ബിഎ) കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207-ാം വകുപ്പിന്റെ ഖണ്ഡം (ബിഎ) യും ഒഴിവാക്കി 2009 ന് മുൻപുള്ള തത്സ്ഥിതിയിലേക്ക് വരികയും എല്ലാ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തുനികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

37. ബി.എസ്.എൻ.എൽ. കെട്ടിടങ്ങളുടെ നികുതി അടിയന്തിരമായി കണക്കാക്കുന്നതിനും ഇവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളും നഗരസഭകളും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

**തൊഴിൽ നികുതി**

38. പ്രൊഫഷണലുകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്ന വ്യക്തികൾ, അസംഘടിതമേഖലയിലെ തൊഴിലാളികൾ, വ്യാപാരികൾ, ബിസിനസ്സുകാർ, ജീവനക്കാർ എന്നിവരിൽ നിന്നും ശരിയായ രീതിയിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നികുതി നൽകുന്നവരുടെ പട്ടിക പരിഷ്ക്കരിക്കേണ്ടതാണ്. അധിക തസ്തികകൾ സൃഷ്ടിക്കാതെ ഈ ആവശ്യത്തിലേക്കായി പ്രാദേശിക സർക്കാരുകൾ കൂടുതൽ ആൾക്കാരെ

നിയോഗിക്കേണ്ടതാണ്. ഡി ആൻറ് ഓ ലൈസൻസ് നിയമത്തിൻ കീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും അതിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കെണ്ടോതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

39. പ്രാദേശിക സർക്കാരുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണലുകളെ സംബന്ധിച്ച ഒരു സർവ്വേ, വാർഡ് മെമ്പർ/കൗൺസിലൽമാരുടെ സഹായത്തോടെ നടത്തുകയും അവരെ കൂടി നികുതി അടയ്ക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഓരോ പ്രദേശത്തെയും പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റുമാരുടെ ഒരു പട്ടിക ബാർ കൗൺസിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ടതാണ്. അഡ്വക്കേറ്റുമാർ അവരുടെ വരുമാനം സ്വമേധയാ വെളിപ്പെടുത്തേണ്ടതും അതിന്മേൽ തൊഴിൽ നികുതി നൽകേണ്ടതും ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. *(ശുപാർശ അംഗീകരിച്ചു)*

40. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) വിപുലീകരിച്ച് ചാർട്ടേർഡ് അക്കൗണ്ടൻറുമാർ, ടാക്സ് പ്രാക്ടീഷണർമാർ, സ്റ്റോക്ക് ബ്രോക്കർമാർ, സ്വകാര്യ/ചാർട്ടേർഡ് എഞ്ചിനീയർമാർ, ഏജൻസി ബിസിനസ്സുകാർ, ഇൻറർനെറ്റ് കഫേ നടത്തുന്നവർ, കേബിൾ ഓപ്പറേറ്റർമാർ, ഡിഷ് ചാനൽ സർവീസ് നൽകുന്നവർ, കൺസൾട്ടൻസി നടത്തുന്നവർ, റിയൽ എസ്റ്റേറ്റ് എജന്റുമാർ/ബ്രോക്കർമാർ എന്നിവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു)*

41. തൊഴിൽ നികുതി വർദ്ധിപ്പിക്കണമെന്ന 14-ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി തൊഴിൽനികുതിയുടെ ഉയർന്ന പരിധി വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്രസർക്കാരിൽ ഉന്നയിക്കേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു)*

**വിനോദ നികുതി**

42. 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെൻറ്സ് ടാക്സ് ആക്ടിലെ 5.1 (എഎ) വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ പരമ്പരാഗത തിയേറ്ററുകളിലും മൾട്ടിപ്ലക്സ് തിയേറ്ററു

കളിലും കമ്പ്യൂട്ടർവത്കൃത ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു. *(ശുപാർശ അംഗീകരിച്ചു)*

43. കേബിൾ ടി.വി.യുടെയും, ഡിഷ് ടി.വി.യുടെയും വരിക്കാരെ വിനോദനികുതിയുടെ കീഴിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഓരോ വരിക്കാരിൽ നിന്നും പ്രതിമാസം 10 രൂപ വീതം ഈടാക്കാവുന്നതാണ്. *(കൂടുതൽ പരിശോധനയ്ക്കായി മാറ്റിവച്ചു)*

44. 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെൻറ്സ് ടാക്സ് ആക്ടിലെ 2(4)-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തി വിനോദസഞ്ചാരകേന്ദ്രങ്ങളിലെയും, കാർഷിക പ്രദർശന കേന്ദ്രങ്ങളിലെയും പ്രവേശന ഫീസും, ഹൗസ് ബോട്ട് ചാർജ്ജും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(GST നിയമം അനുസരിച്ച് കൂടുതൽ പരിശോധനയ്ക്കായി മാറ്റിവച്ചു)*

45. വിനോദനികുതിക്ക് സംസ്ഥാന സർക്കാർ യാതൊരു വിധ ഇളവുകളും നൽകരുതെന്ന് ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു.)*

**പരസ്യ നികുതി**

46. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209 ഡി, 256 എന്നീ വകുപ്പുകളിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 276, 567 (32) എന്നീ വകുപ്പിലും അനുയോജ്യമായ ഭേദഗതികൾ വരുത്തി പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടി ബൈല നിർമ്മിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാകുന്ന ഏകീകൃത പരസ്യചട്ടങ്ങൾ സർക്കാർ നിർമ്മിക്കേണ്ടതും അതുവഴി പരസ്യങ്ങളുടെ നിയന്ത്രണങ്ങളും അവയുടെ നികുതി വസൂലാക്കലും നിയന്ത്രിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു. ഈ ശുപാർശ നടപ്പിലാക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയമിക്കുന്നതാണ്.)*

**പ്രദർശന നികുതി**

47. പ്രദർശന നികുതിയുടെ മിനിമം നിരക്ക് നിലവിൽ 5 രൂപ മുതൽ 50 രൂപ വരെയാണ്. ഇതിൽ 100% വർദ്ധനവ് വരുത്തണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു. *(ശുപാർശ അംഗീകരിച്ചു)*

**സേവന ഉപനികുതി**

48. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230 (4)-ാം വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും)ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും) ചട്ടങ്ങൾ എന്നിവയിലെ 26-ാം ചട്ടവും ഭേദഗതി വരുത്തി സേവന നികുതി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഈടാക്കുന്നത് നിർബന്ധമാക്കണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു. *(ശുപാർശ അംഗീകരിച്ചു)*

**കേന്ദ്ര സർക്കാർ കെട്ടിടങ്ങൾക്കുള്ള സർവീസ് ചാർജ്ജ്**

49. കേന്ദ്ര സർക്കാർ കെട്ടിടങ്ങൾക്കുള്ള നിയമാനുസൃത സർവീസ് ചാർജ്ജ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈടാക്കുന്നത്തിനുള്ള വ്യവസ്ഥ കർശനമായി പാലിക്കുന്നതിനു തദ്ദേശ സ്വയംഭരണവകുപ്പ് നിർബന്ധമായും നിർദ്ദേശം നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

**ഡി & ഓ ലൈസൻസ് ഫീസ്**

50(എ). ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് ബാധകമായിട്ടുള്ള ഡി & ഓ ലൈസൻസ് ചട്ടങ്ങൾ നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തപോലെ കേരള പഞ്ചായത്ത്രാജ് (വ്യാപാരങ്ങളുടെയും സേവനങ്ങളുടെയും വ്യവസായങ്ങളുടെയും നിയന്ത്രണം) ചട്ടങ്ങൾ എന്ന് പുനർനാമകരണം ചെയ്യണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. നഗര സഭകൾക്ക് ബാധകമാക്കാൻ നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളും ഇത്തരത്തിൽ പുനർനാമകരണം ചെയ്യേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു)*

50 (ബി). പുതുതലമുറയിലെ വാണിജ്യസ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാത്തരം വ്യാപാര വാണിജ്യസ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കുന്നതിനു വേണ്ടി 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 വിപുലപ്പെടുത്തണമെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

50 (സി). 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ്

നൽകൽ) ചട്ടങ്ങളിലെ II.III.IV എന്നീ പട്ടികകളിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വാർഷിക ലൈസൻസ് ഫീസ് പരിഷ്ക്കരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പട്ടിക 7.2 ൽ വിശദീകരിച്ചതുപോലെ പട്ടിക II പുതുക്കേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു)*

50 (ഡി). പട്ടിക III ഉം IV ഉം പ്രകാരമുള്ള നിരക്കുകളിൽ 100% വർദ്ധനവ് വരുത്തേണ്ടതാണ് *(ശുപാർശ അംഗീകരിച്ചു)*

51. നഗര സഭകൾക്ക് ബാധകമായ വ്യാപാര ലൈസൻസ് ചട്ടങ്ങൾ, അതായത് 2011 ലെ കേരള മുൻസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അടിയന്തിരമായി പ്രാബല്യത്തിൽ കൊണ്ട് വരണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(ശുപാർശ അംഗീകരിച്ചു)*

**ബിൽഡിംഗ് പെർമിറ്റ് ഫീസ്**

52. ഗ്രാമ പഞ്ചായത്തുകളിലും നഗര സഭകളിലും നിലവിലുള്ള കെട്ടിട നിർമ്മാണ അനുമതി ഫീസ് 50% ഉയർത്തണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു. *(ശുപാർശ അംഗീകരിച്ചു)*

**കെട്ടിട വാടക**

53. പ്രാദേശിക സർക്കാരുകൾ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെയും കെട്ടിടങ്ങളുടെയും, കമ്മ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം എന്നിവയുടെയും വാടക അതാത് സ്ഥലങ്ങളിൽ PWD നിശ്ചയിച്ചിട്ടുള്ള വാടകനിരക്കുകൾ പ്രകാരമായിരിക്കണമെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

**മറ്റ് നികുതിയേതര വരുമാനങ്ങൾ**

54. എല്ലാ നികുതിയേതര സേവനങ്ങളുടെയും നിരക്കുകൾ (വിവാഹ സർട്ടിഫിക്കറ്റ് ഫീസ് ഒഴികെ) കുറഞ്ഞത് 50% വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു. *(വിവാഹ സർട്ടിഫിക്കറ്റ് ഫീസ് ഉൾപ്പെടെ വർദ്ധിപ്പിക്കണമെന്ന നിബന്ധനയോടെ ശുപാർശ അംഗീകരിച്ചു)*

55. പ്രാദേശിക സർക്കാരുകൾ ഈടാക്കുന്ന എല്ലാ നികുതി നികുതിയേതര നിരക്കുകളും വസ്തുനികുതി പരിഷ്ക്കരിയ്ക്കുന്ന രീതിയിൽ 5 വർഷത്തിലൊരിയ്ക്കൽ പരിഷ്ക്കരിക്കേണ്ടതാണ്. തൊഴിൽ നികുതി പരിഷ്ക്കരണം ഭരണഘടനയിലെ അനുച്ഛേദ പ്രകാരം 276 (2) ന് വിധേയമായിരിയ്ക്കും. സംസ്ഥാന ധനകാര്യ

കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ വേണം ഈ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടത്. ഇതിനായി 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. *(ശുപാർശ നിരസിച്ചു)*

**കെട്ടിട നികുതി പ്രാദേശിക സർക്കാരുകൾക്ക് കൈമാറൽ**

56. റവന്യൂ വകുപ്പ് ഇപ്പോൾ ഇടാക്കി വരുന്ന കെട്ടിട നികുതി പ്രാദേശിക സർക്കാരുകൾക്ക് വിട്ടുനൽകണമെന്ന് ശുപാർശ ചെയ്യുന്നു. ഇതിനു വേണ്ടി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 200–ാം വകുപ്പും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230–ാം വകുപ്പും ഭേദഗതി ചെയ്യുന്നതിനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്. *(ശുപാർശ നിരസിച്ചു)*

57. മെച്ചപ്പെട്ട രീതിയിൽ നികുതി പിരിയ്ക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് റവന്യൂ പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ ഉചിതമായ പ്രോത്സാഹനം നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകൾ അവർക്ക് മുൻവർഷം (t-1), ലഭിക്കേണ്ട നികുതിയുടെ 97% വസൂലാക്കിയിട്ടുണ്ടെങ്കിൽ റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസായി ഗ്രാമപഞ്ചായത്ത് ഒന്നിന് 5 ലക്ഷം രൂപ നൽകേണ്ടതാണ്. നഗരസഭകൾ ഇപ്രകാരം 95% നികുതി വസൂലാക്കിയിട്ടുണ്ടെങ്കിൽ മുനിസിപ്പാലിറ്റി ഓരോന്നിനും 10 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ഓരോന്നിനും 12.50 ലക്ഷം രൂപയും റവന്യൂ ഇൻസെന്റീവ് ബോണസായി നൽകേണ്ടതാണ്. ഖണ്ഡിക 7.43 ൽ വിശദീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആയിരിയ്ക്കും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് വിതരണം നടത്തുക. *(ശുപാർശ അംഗീകരിച്ചു)*

58. ഗ്രാമ പഞ്ചായത്തിലെ നികുതി പിരിവ് പ്രവർത്തനങ്ങളുടെ ചുമതല അസിസ്റ്റൻറ് സെക്രട്ടറിമാരെ ഏൽപ്പിക്കാൻ കമ്മിഷൻ നിർദ്ദേശിച്ചു. *(ശുപാർശ അംഗീകരിച്ചു)*

59. ഖണ്ഡിക 3.8 ൽ വിശദീകരിച്ചിട്ടതുപോലെയുള്ള സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം തുടർന്നും ധനകാര്യ വകുപ്പിലെ എസ്.എഫ്.സി. സെല്ലിന്റെ ചുമതലയായിരിയ്ക്കും. 7–ാം അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഭവസമാഹരണ നിർദ്ദേശങ്ങൾ സംബന്ധിച്ച ശുപാർശകൾ

നടപ്പിൽ വരുത്തുന്നതിന്റെ ചുമതലയും എസ്.എഫ്.സി. സെല്ലിനായിരിയ്ക്കും. *(ശുപാർശ അംഗീകരിച്ചു)*

**ഇ-ഗവേണൻസ്**

60. വിഭവ സമാഹരണ മേഖലയിൽ ഇ-ഗവേണൻസ് സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. റവന്യൂ സമാഹരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കമ്പ്യൂട്ടർ വൽക്കരിക്കേണ്ടതും നികുതി നികുതിയേതര തുക അടയ്ക്കേണ്ടുന്നവർക്ക് ഇത് സംബന്ധിച്ച് സിസ്റ്റം സൃഷ്ടിക്കുന്ന എസ്.എം.എസ്/ ഇമെയിലിലൂടെ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. *(ശുപാർശ അംഗീകരിച്ചു)*

**V. ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ ധനസ്ഥിതി**

61. സാധുവായ ആധാരത്തിന്റെ അഭാവത്തിൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ നിവാസികൾക്ക് വിവിധകാര്യങ്ങൾക്കായി വസ്തു നികുതി ഒടുക്കിയ രസീത് ആവശ്യമായി വരുന്നു. സമാനമായ വിഷയം മറ്റ് ജില്ലകളിലും നിലനിൽക്കുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് വസ്തു നികുതിയിൽ നിന്നും ആരെയും ഒരു കാരണവശാലും ഒഴിവാക്കരുത് എന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

62. ഗ്രാമ പഞ്ചായത്തുകളുടെ അടിക്കടി ഉയർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എല്ലാ നികുതിയേതര വരവിനങ്ങളും അടിയന്തിരമായി പരിഷ്ക്കരിയ്ക്കുവാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

63.(എ). മുഴുവൻ സമയ എക്സിക്യുട്ടീവ് സ്ഥാനം വഹിക്കുന്ന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ ഓണറേറിയം നിലവിലുള്ള ഓണറേറിയത്തിന്റെ 200% വർദ്ധിപ്പിക്കാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. (ബി) മറ്റു ജനപ്രധിനിധികളുടെ ഓണറേറിയം നിലവിലുള്ളതിന്റെ 100% വർദ്ധിപ്പിക്കാനും ഈ വർദ്ധനവ് പട്ടിക 5.9 പ്രകാരം 2016 ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. *(ജനപ്രതിനിധികളുടെ ഓണറേറിയം 100 ശതമാനം വർദ്ധിപ്പിച്ചു. മറ്റ് ശുപാർശകൾ നടപ്പിലാക്കിയില്ല.)*

**VI. നഗര സഭകളുടെ ധനസ്ഥിതി**

64. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പറയുന്ന പൗരധർമ്മ

ങ്ങൾക്ക് താഴ്ന്ന പരിഗണനയും തുച്ഛമായ ചെലവും പരിഹരിയ്ക്കുന്നതിലേക്കായി നഗരസഭകൾ പൊതു ആവശ്യഫണ്ടിൽ നിന്നും പൗരധർമപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക കണ്ടെത്തേണ്ടതുമാണ്. ഈ ഇനത്തിലുള്ള മൂലധന ചെലവിലേക്ക് വികസന ഫണ്ടിൽ നിന്നും കൂടുതൽ തുക ചെലവഴിക്കേണ്ടതാണ്. *(ശുപാർശ നിരസിച്ചു)*

65. നഗര സഭകളിലെ പെൻഷൻ വിതരണം സംബന്ധിച്ച പ്രശ്നം പരിഹരിയ്ക്കുന്നതിന് ഒമ്പതിനപരിപാടികൾ കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചു. സർക്കാർ ഇക്കാര്യത്തിനായി ഒരു വിദഗ്ധസമിതിയെ നിയമിക്കുന്നതാണ്.)*

66. നഗര സഭകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഓണറേറിയത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. (എ) മുഴുവൻ സമയ എക്സിക്യൂട്ടീവ് സ്ഥാനം വഹിക്കുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ, ഡപ്യൂട്ടി മേയർ എന്നിവർക്കും മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ, വൈസ്ചെയർപേഴ്സൺ എന്നിവർക്കും നിലവിലുള്ള ഓണറേറിയത്തിന്റെ പ്രതിമാസനിരക്കിൽ 200% വർധനവ് വരുത്തണം (ബി) തെരഞ്ഞെടുക്കപ്പെട്ട മറ്റ് ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിലവിലുള്ള പ്രതിമാസനിരക്കിൽ 100% വർദ്ധനവ് വരുത്തണം. *(ജനപ്രതിനിധികളുടെ ഓണറേറിയം 100 ശതമാനം വർദ്ധിപ്പിച്ചു. മറ്റ് ശുപാർശകൾ നടപ്പിലാക്കിയില്ല.)*

## VII. മുൻ സംസ്ഥാന ധനകാര്യ കമ്മിഷനുകളുടെ ശുപാർശകളുടെ പുന:പരിശോധന

67. സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി ധനകാര്യവകുപ്പിൽ നിലവിലുള്ള സെൽ തുടർന്നും പ്രവർത്തിക്കുന്നതിനു കമ്മിഷൻ ശുപാർശ ചെയ്യുന്നു. തദ്ദേശ സ്വയം ഭരണവകുപ്പിലും ഇപ്രകാരം ഒരു സെൽ ആരംഭിക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

**68. ഒന്ന് മുതൽ നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ വരെയുള്ള നാല് കമ്മിഷനുകളുടെ 31 ശുപാർശകൾ അംഗീകരിയ്ക്കാനും നടപ്പിലാക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. അവ ഈ സംഗ്രഹത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.**

## രണ്ടാം ഭാഗം റിപ്പോർട്ട്
## (2016 മാർച്ച് 11 ന് ബഹു: കേരള ഗവർണർക്ക് സമർപ്പിച്ചു)

### VIII. സാമ്പത്തിക വിഷയങ്ങൾ

69. ഖണ്ഡിക 12.7 ൽ പറയും പ്രകാരമുള്ള ആദായകരമായ പദ്ധതികൾ പ്രാദേശികസർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ അതിനു വായ്പ ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.യു.ആർ.ഡി.എഫ്.സി.യെ നിശ്ചയിക്കേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ ലോണുകൾക്ക് സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകേണ്ടതാണ്. *(ഇതുമായി ബന്ധപ്പെട്ടു സർക്കാർ കെ.എൽ.ജി.ഡി.എഫ്. ഇതിനോടകം രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്.)*

70. ഓഡിറ്റിന്റെ അടിസ്ഥാനതത്വങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ ഓഡിറ്റ് കൂടുതൽ വികസന സൗഹൃദമാക്കാൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് ശ്രദ്ധിക്കണമെന്ന് ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു. ഓഡിറ്റ് മാന്വൽ അംഗീകരിച്ച് ഉടൻ തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്)*

71. നിയമത്തിലും ചട്ടങ്ങളിലും വിഭാവനം ചെയ്തപോലെയുള്ള ഒരു സംവിധാനമാക്കി മാറ്റുന്നതിനായി നഗര സഭകൾക്ക് വേണ്ടിയുള്ള പെർഫോർമൻസ് ഓഡിറ്റ് സംവിധാനം അടിയന്തിരമായി ശക്തിപ്പെടുത്തേണ്ടതും പുതിയ നിയമത്തിലൂടെയോ, വിന്യാസത്തിലൂടെയോ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്. *(ഇതിലേക്കായി പുതിയ നിയമനങ്ങൾ പാടില്ല എന്ന നിബന്ധനയോടെ ശുപാർശ അംഗീകരിച്ചു.)*

72. പ്രാദേശിക സർക്കാരുകളുടെ ആസ്തി സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു. (1). സചിത്ര സോഫ്റ്റ് വെയർ കൂടുതൽ ഉപഭോക്തൃ സൗഹൃദമായിരിയ്ക്കണം. (2). ഓരോ വർഷവും ആസ്തികളുടെ കൂട്ടിച്ചേർക്കൽ, നീക്കം ചെയ്യൽ എന്നിവ അംഗീകരിയ്ക്കുന്നതിന് വ്യവസ്ഥയുണ്ടായിരിയ്ക്കണം. (3). ആസ്തി സംബന്ധിച്ച വിവരങ്ങൾ സ്വമേധയാ പരിഷ്ക്കരിയ്ക്കുന്നതിനായി സചിത്ര സോഫ്റ്റ് വെയറും സാംഖ്യസോഫ്റ്റ് വെയറും കൂടി സംയോജിപ്പിക്കണം. (4). ആസ്തി സൃഷ്ടിക്കുന്ന ഒരു പദ്ധതി പൂർത്തിയാകുമ്പോൾ ആസ്തി രജിസ്റ്റർ സ്വമേധയ പരിഷ്ക്കരിക്കപ്പെടണം (5). ഒന്നിൽ കൂടുതൽ വാർഡുകളിലൂടെയോ ഡിവഷനുകളിലൂടെയോ കടന്നുപോകുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കുമ്പോൾ ഒറ്റ പാതയായി

കണക്കാക്കണം. (6). ആസ്തി തിരയുന്ന സൗകര്യത്തിനായി താഴെ പറയുന്ന വിവരങ്ങൾ കാണേണ്ടതാണ്. (a). ആസ്തിയുടെ പേര് (b). വാർഡ് /ഡിവിഷന്റെ പേര് (c). വില്ലേജിന്റെ പേര് (d). ബ്ലോക്ക് നമ്പർ (e). സർവ്വേ നമ്പർ. (7). ആസ്തിയുടെ വില നിശ്ചയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു രൂപയായിട്ടാണ് ആസ്തി രജിസ്ട്രറിൽ കാണിച്ചിട്ടുള്ളത്. അത്തരം ആസ്തികളുടെ വിപണി വില നിശ്ചയിക്കുകയും അത് ആസ്തി രജിസ്ട്രറിൽ ഉൾപ്പെടുത്തുകയും വേണം. (8). ആസ്തി രജിസ്ട്രറിലെ ഇരട്ടിക്കൽ പൂർണമായും ഒഴിവാക്കണം. *(ശുപാർശ അംഗീകരിച്ചു)*

73. പ്രാദേശിക സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ മേൽ അതാത് പ്രാദേശിക സർക്കാരുകൾക്ക് നിയമാനുസരണമുള്ള അവകാശം ലഭിക്കുന്നതിനു തദ്ദേശ സ്വയംഭരണ വകുപ്പ് ആസ്തി രജിസ്ടർ ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി ചെയ്യേണ്ടതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

74. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ച സോഫ്റ്റ് വെയർ പരിഷ്ക്കരിച്ച് 2014-15 മുതൽ IKM മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കുന്നത് വരെയുള്ള കാലയളവിലെ പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക വിവരങ്ങൾ ശേഖരിയ്ക്കുന്നതിനു ഉപയോഗിയ്ക്കാവുന്നതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(നടപടികൾ സ്വീകരിച്ചു വരുന്നു)*

75. പ്രാദേശിക സർക്കാരുകളിൽ നിന്നും സാമ്പത്തിക വിവരങ്ങൾ ശേഖരിയ്ക്കുന്നതിനു ഉപയോഗിച്ച് വരുന്ന SFC സോഫ്റ്റ് വെയർ IKM ന്റെ സാംഖ്യ സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാവുന്നതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. *(നടപടികൾ ആവശ്യമില്ല)*

76. പ്രാദേശിക സർക്കാരുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് റാങ്കിലുള്ളവരിൽ നിന്നും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ ഓരോ അക്കൗണ്ട് തസ്തികയിലേക്ക് നിയമനം നടത്താവുന്നതാണെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കാവുന്നതാണ് എന്ന ഭേദഗതിയോടെ അംഗീകരിച്ചു)*

77. പ്രാദേശിക സർക്കാരുകളിലെ ഉദ്യോഗസ്ഥർക്ക് ധനകാര്യവും, അക്കൗണ്ടിങ്ങും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളിലും പരിശീലനം

നൽകുന്നതിനുള്ള ദൗത്യം ധനകാര്യവകുപ്പിന് കീഴിലുള്ള CTFM, ഗുലാത്തി ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ലെ DAC എന്നിവയെ ഏല്പിക്കാവുന്നതാണെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(KILA ഏജൻസിയായി തുടരും)*

78. ഖണ്ഡിക 12.30 (i) മുതൽ (xxxi) വരെയുള്ളതിൽ പരാമർശിച്ചിരിയ്ക്കുന്ന കാര്യങ്ങൾ പരിഗണിച്ചതിന് ശേഷം IKM ന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിന്റെയും മറ്റ് സോഫ്റ്റ്വെയറിന്റെയും വിശദാംശങ്ങളിലേക്ക് കടക്കാവുന്നതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

79. ഗ്രാമ-നഗര പ്രാദേശിക സർക്കാരുകൾക്ക് ബാധകമായ ബജറ്റ് മാനുവൽ അടിയന്തിരമായി തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കേണ്ടതാണെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

80. ചിട്ടയായതും ശാസ്ത്രീയവുമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ളതാകണം പ്രാദേശിക സർക്കാരുകളുടെ ബജറ്റ്. *(ശുപാർശ അംഗീകരിച്ചു)*

## IX പദ്ധതി രൂപീകരണവും നടത്തിപ്പും

81. സാമ്പത്തികമായും സാങ്കേതികമായും മേന്മയുള്ളതും കുറഞ്ഞ ചെലവിൽ ചെയ്യാൻ കഴിയുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കുക. പ്രാദേശിക വികസനാവശ്യം കണക്കിലെടുത്ത് വേഗം രൂപീകരിയ്ക്കാൻ കഴിയുന്ന പ്രോജക്ടുകൾ വേഗം അംഗീകാരവും സാങ്കേതിക അനുമതിയും കിട്ടത്തക്ക തരത്തിൽ നടപടിക്രമങ്ങളിലുള്ള മാറ്റം, കാര്യക്ഷമമായ നിർവഹണ സംവിധാനം, സമയബന്ധിതവും കാര്യക്ഷമവുമായ നിർവ്വഹണം, ഭൗതിക-സാമ്പത്തിക ലക്ഷ്യങ്ങളുടെ കൈവരിയ്ക്കൽ തുടങ്ങിയവയ്ക്ക് ഊന്നൽ നല്കുന്നതായിരിയ്ക്കണം പദ്ധതി മാർഗ്ഗരേഖ എന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ഭേദഗതികളോടെ അംഗീകരിച്ചു)*

82. ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ നേരിടുന്ന (തീരദേശം, മലമ്പ്രദേശം, വെള്ളത്താൽ ചുറ്റപ്പെട്ട തുരുത്ത്) ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് പദ്ധതി തുകയുടെ 10% ഭൂമിശാസ്ത്രപരമായ വികസന പദ്ധതികൾക്ക് വിനിയോഗിക്കാവുന്നതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(മാർഗ്ഗരേഖകൾ ഇപ്പോൾ തന്നെ നിലവില്ലുള്ളതാണ് )*

83. പൊതു ആവശ്യഫണ്ട്, റോഡ്-റോഡിതര സംരക്ഷണ ഫണ്ട്, വിക

സനഫണ്ട് എന്നിവയുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ യുടെ മലയാളത്തിലുള്ള കൈപുസ്തകം സ്റ്റേറ്റ് ഫിനാൻസ് കമ്മിഷൻ സെൽ തയ്യാറാക്കേണ്ടതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(കൈപുസ്തകം തദ്ദേശ സ്വയ ഭരണവകുപ്പ് തയ്യാറാ ക്കണം എന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു)*

84. മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് സംബന്ധിച്ച കാര്യങ്ങൾ നോക്കുന്നതിനു മൂന്നു മേഖലകളിലായി അസിസ്റ്റൻറ് എഞ്ചിനീയറുടെ പുതിയ തസ്തിക കൾ സൃഷ്ടിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. എൻവ യോൺമെന്റൽ എൻജിനീയർ, മെക്കാനിക്കൽ എൻജിനീയർ, ഇലക്ട്രിക്കൽ എൻജിനീയർ എന്നീ പുതിയ തസ്തികകൾ ആണ് ശുപാർശ ചെയ്യുന്നത്. *(എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും എൻവയോൺമെന്റൽ എൻജിനീയർ തസ്തിക മാത്രം (ഓരോ മുനിസിപ്പൽ കോർപ്പറേഷനിലും 1 വീതം) സൃഷ്ടിച്ചാൽ മതിയാകും എന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിച്ചു)*

85. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ മുതലായവർക്ക് സർക്കാർ വകുപ്പുകളും പ്രാദേശിക സർക്കാരുകളും നടപ്പാക്കുന്ന സമാന ഗുണഭോക്തൃ പദ്ധതി കളായ പാർപ്പിടസൗകര്യം, ഭൂമി വാങ്ങൽ, മറ്റ് പദ്ധതികൾ എന്നി വയ്ക്ക് നൽകുന്ന ആകെ തുകയും സബ്സിഡി നിരക്കും ഒരു പോലെ ആയിരിയ്ക്കണമെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. പ്രാദേശിക സർക്കാരുകളുടെ സബ്സിഡി നിരക്ക് തന്നെ അടി സ്ഥാന നിരക്കായി സ്വീകരിയ്ക്കാവുന്നതാണ്. *(ശുപാർശ അംഗീകരിച്ചു)*

86. പദ്ധതി രൂപീകരിയ്ക്കുന്നതിനു മുൻപുള്ള ഘട്ടത്തിലും പ്രോജക്റ്റ് തീരുമാനിക്കുന്ന ഘട്ടത്തിലും നാല് പ്രധാനപ്പെട്ട മാറ്റങ്ങൾ കമ്മിഷൻ ശുപാർശ ചെയ്യുന്നു. ആദ്യത്തേത്, വർക്കിംഗ് ഗ്രൂപ്പു കളുടെ എണ്ണം കുറയ്ക്കുകയും പദ്ധതി ഫലപ്രദമായി രൂപീകരി ക്കുന്നതിനു ആവശ്യമായ ആശയങ്ങൾ നൽകുന്നതിനു വർക്കിംഗ് ഗ്രൂപ്പുകളെ പ്രാപ്തരാക്കുകയും വേണം. രണ്ടാമത്തേത്, പദ്ധതികൾ ഫലപ്രദമായി വിലയിരുത്തുന്നതിനും പദ്ധതി നടപ്പിലാക്കലിന്റെ പുരോഗതിയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും ഗ്രാമ സഭ/ വാർഡ് സഭ/ വാർഡ് കമ്മിറ്റി എന്നിവയുടെ പങ്ക് ശക്തമാക്കേണ്ടതാണ്. മൂന്നാമത്തേത്, മേൽപ്പറഞ്ഞിരിയ്ക്കു ന്നവയുടെ അടിസ്ഥാനത്തിൽ അടുത്ത വാർഷിക പദ്ധതിയിൽ/

ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് വിവിധ പദ്ധതികളുടെയും സ്കീമുകളുടെയും തുകയുടെ കരട് അടങ്കൽ സഹിതമുള്ള പട്ടിക തയ്യാറാക്കേണ്ടതാണ്. നാലാമത്തേത്, പദ്ധതിയുടെ മുന്നൊരുക്കങ്ങൾ (വർക്കിംഗ് ഗ്രൂപ്പ് രൂപീകരിയ്ക്കൽ, ഗ്രാമസഭ/ വാർഡ് സഭ വിളിച്ച് ചേർക്കൽ, വികസന സെമിനാർ സംഘടിപ്പിക്കുക, പുതിയ പദ്ധതികൾ കണ്ടെത്തുക) നിരീക്ഷിക്കുന്നതിന് നവംബർ മാസത്തെയും ഡിസംബർ മാസത്തെ ആദ്യവാരവും ചേർത്ത് ആകെ അഞ്ച് ആഴ്ചത്തെ സമയപരിധിയാണ് ശുപാർശ ചെയ്തിട്ടുള്ളത്. *(വിശദമായ മാർഗ്ഗരേഖകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. അനന്തര നടപടികൾ ആവശ്യമില്ല)*

87. പദ്ധതി നടത്തിപ്പിന്റെ ഏറ്റവും തിരക്കുള്ള സമയം (ജനുവരി-മാർച്ച് മാസങ്ങൾ) ഒഴികെ പദ്ധതി തയ്യാറാക്കുന്നതിന് രണ്ടു മാസത്തെ സമയം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കേണ്ടതാണെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. വിരമിച്ച എൻജിനീയർമാർ, ഉദ്യോഗസ്ഥർ, കൺസൽട്ടൻസി സ്ഥാപനങ്ങൾ, എൻജിനീയറിംഗ് കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലാർക്കെങ്കിലും പണം കൊടുത്ത് ഇടത്തരമോ വലുതോ ആയ എൻജിനീയറിംഗ് അല്ലെങ്കിൽ സാങ്കേതികത്വം ആവശ്യമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി പ്രാദേശിക സർക്കാർ നൽകുന്ന പാനൽ ഡി.പി.സി. അംഗീകരിച്ച് നൽകേണ്ടതാണ്. *(ശുപാർശ അംഗീകരിച്ചു)*

88. നിലവിലുള്ള പദ്ധതികളുടെ എണ്ണത്തിന്റെ മൂന്നിൽ രണ്ടായി പദ്ധതികളുടെ (വികസനവും സംരക്ഷണവും) എണ്ണം പുതുക്കണമെന്നു കമ്മിഷൻ ശുപാർശ ചെയ്യുന്നു. പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികളുടെ എണ്ണം താഴെ പറയും പ്രകാരമായിരിയ്ക്കണം. ഗ്രാമപഞ്ചായത്ത് (60-75), ബ്ലോക്ക് പഞ്ചായത്ത് (30-40), ജില്ല പഞ്ചായത്ത് (400-480), മുനിസിപ്പാലിറ്റികൾ (110-140), മുനിസിപ്പൽ കോർപ്പറേഷനുകൾ (600-690). *(ശുപാർശ നിരസിച്ചു)*

89. ഗുണഭോക്തൃ സമിതി നടപ്പാക്കുന്ന ജോലികൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ ഗുണഭോക്തൃ സമിതി മുഖേന ഒരു സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളുടെ പട്ടിക അടുത്ത സാമ്പത്തിക വർഷത്തെ

ആദ്യഗ്രാമസഭയിൽ സമർപ്പിക്കേണ്ടതാണ്. *(ശുപാർശ അംഗീ കരിച്ചു)*

90. പദ്ധതി ചെലവ് അനാരോഗ്യകരമായ രീതിയിൽ വർദ്ധിക്കുന്നത് തടയുന്നതിന്, സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദങ്ങളിൽ എൻജിനീയറിംഗിതര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും പൂർത്തീകരിയ്ക്കുന്നതിനും കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ നിരസിച്ചു)*

91. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എൻജിനീയർമാർ, ഓവർസീയർമാർ, ഫീൽഡ്സ്റ്റാഫ് എന്നിവരുടെ ഒഴിവുകൾ ഉടൻ നികത്തണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് ഉടൻ നികത്തുന്ന ഒരു സംവിധാനം ഉണ്ടാക്കണം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു അസിസ്റ്റന്റ് എൻജിനീയർ പൂർണസമയം ഉണ്ടായിരിയ്ക്കണം. എൻജിനീയർമാരെ ഇടയ്ക്കിടെ സ്ഥലം മാറ്റുന്ന പ്രവണത അവസാനിപ്പിക്കണം. ഒരു എൻജിനീയർക്ക് കുറഞ്ഞത് മൂന്നു വർഷത്തെ കാലാവധി ഒരു പ്രാദേശിക സർക്കാരിൽ നൽകണം. *(ശുപാർശ അംഗീകരിച്ചു)*

92. വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും എൻജിനീയർ വിഭാഗത്തിനെ സഹായിക്കുന്നതിനു ഒരു ക്ലറിക്കൽ തസ്തിക സൃഷ്ടിക്കാനും ഇതിനുള്ള ശമ്പളം തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്തണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ നിരസിച്ചു)*

93. എല്ലാ പ്രാദേശിക സർക്കാരുകളുടെയും എല്ലാ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(അനന്തര നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിച്ചു)*

94. ആരോഗ്യ മേഖലയിലും സാക്ഷരതമേഖലയിലും പദ്ധതികൾ നടപ്പിലാക്കുന്നതിനു കൂടുതൽ സാമ്പത്തിക അധികാരം പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നതിനു കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(നടപടികൾ ആവശ്യമില്ല)*

95. പ്രാദേശിക സർക്കാരുകൾക്ക് അവരുടെ ഓഫിസിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായും പൗരാവകാശ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ നിർവഹിക്കുന്നതിനായും ഭൂമി വാങ്ങാൻ സർക്കാർ അനുമതി ലഭിക്കണമെന്നുള്ള ഇപ്പോഴത്തെ രീതി ഒഴിവാക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(നിലവിലുള്ള സംവിധാനം തുടരുന്നതാണ്)*

96. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കി അതെ ആവശ്യത്തിനു പുതിയത് നിർമ്മിക്കുന്നതിനുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്ക് നൽകാൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ നിരസിച്ചു)*

97. പ്രാദേശിക സർക്കാരുകളിലോ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ മൂന്നു വർഷക്കാലം അതെ തസ്തികയിൽ തുടരാൻ അനുവദിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് മുൻപ് പ്രാദേശിക സർക്കാർ അധ്യക്ഷന്റെ അഭിപ്രായം കൂടി ആരായേണ്ടതാണ്. ഇത്തരം ഉദ്യോഗസ്ഥരെ സ്ഥല മാറ്റ ഉത്തരവിന്റെ പകർപ്പ് നിർബന്ധമായും പ്രാദേശിക സർക്കാർ അധ്യക്ഷൻമാർക്ക് ചെയ്യേണ്ടതും, ലഭ്യമാക്കേണ്ടതുമാണ്. *(ശുപാർശ നിരസിച്ചു)*

98. പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവ സംയോജിപ്പിച്ച് സർക്കാർതലത്തിൽ പ്രാദേശിക സർക്കാർ മന്ത്രാലയം രൂപീകരിക്കണം. ഗവണ്മെൻറ് സെക്രട്ടറിയും, സെക്രട്ടേറിയറ്റിൽ ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റ് സ്റ്റാഫും ഇതിന്റെ  ഭാഗമായി വരണം. ഇതുപോലെ പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, എൻജിനീയറിംഗ് വിംഗ് എന്നിവ സംയോജിപ്പിച്ച് പ്രാദേശിക സർക്കാർ വകുപ്പ് എന്ന ഒറ്റ വകുപ്പാക്കണം. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഇതിന്റെ ചുമതല വഹിക്കണം. ഈ വകുപ്പിന് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, എൻജിനീയറിംഗ് വിംഗ് എന്നിങ്ങനെയുള്ള നാല് പ്രവർത്തന മേഖലകൾ ഉണ്ടായിരിയ്ക്കണം. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം എന്നിവയ്ക്ക് പ്രത്യേക അഡീഷണൽ ഡയറക്ടർ ഉണ്ടായിരിയ്ക്കണം. എൻജിനീയറിംഗ് വിഗിനു ചീഫ് എൻജിനീയരും ഉണ്ടായിരിയ്ക്കണം. ഈ പുതിയ സംവിധാനത്തിലെ ഡയറക്ടർക്ക് എല്ലാ തലത്തിലുമുള്ള പ്രാദേശിക സർക്കാരുകളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യേണ്ടതാണ്. *(ശുപാർശ നടപ്പിലാക്കി വരുന്നു)*

99. ഗ്രാമ/വാർഡ് സഭ, വാർഡ് കമ്മിറ്റി മീറ്റിംഗുകളിൽ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വിപുലമായ ജനകീയ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്. നീതിപൂർവ്വമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, ഫലപ്രദമായ സിവിക് സേവനങ്ങൾ

ലഭ്യമാക്കുക, പങ്കെടുക്കുന്നവർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾക്ക് മാന്യമായ പരിഗണന നൽകുക എന്നിവ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതാണ്. സഭയുടെ അല്ലെങ്കിൽ കമ്മിറ്റിയുടെ മുഴുവൻ നടപടികളും വിഡിയോ റിക്കോഡ് ചെയ്യണം. *(ശുപാർശ അംഗീകരിച്ചു)*

100. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പ്രവർത്തനഫലമായി പ്രാദേശിക സർക്കാരിനുണ്ടാകുന്ന നഷ്ടം, പാഴ്ചെലവ്, സാമ്പത്തിക ദുർവിനിയോഗം എന്നിവയ്ക്ക് അവർ ഉത്തരവാദികൾ ആയിരിയ്ക്കുമെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 253-ാം വകുപ്പിലും 1994 ലെ കേരള മിനിസിപ്പൽ ആക്ടിലെ 67 -ാം വകുപ്പിലും വ്യവസ്ഥയുണ്ടായിരുന്നു. ഈ വ്യവസ്ഥകൾ വീണ്ടും നിയമത്തിൽ കൊണ്ടുവരേണ്ടതാണ് എന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. *(ശുപാർശ അംഗീകരിച്ചു)*

101. പ്രാദേശിക സർക്കാരുകൾക്ക് വ്യവഹാര നടപടികളുമായി ബന്ധപ്പെട്ട് വക്കീലന്മാർക്ക് നൽകാവുന്ന ഫീസ് താഴെ പറയും പ്രകാരം പരിഷ്ക്കരിക്കാവുന്നതാണ്. ജില്ലാതല കോടതി വരെയുള്ള കേസിന്റെ വ്യവഹാരം 5000 രൂപ മുതൽ 10000 രൂപ വരെ, ഹൈക്കോടതി കേസിന്റെ വ്യവഹാരം 10000 രൂപ മുതൽ 20000 രൂപ വരെ, സുപ്രീംകോടതി കേസിന്റെ വ്യവഹാരം 50000 രൂപ ഈ പരിധിയ്ക്ക് മുകളിലുള്ള ഏത് തുകയും നൽകുന്നതിനു നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്. *(ശുപാർശ അംഗീകരിച്ചു)*

102. സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ അനുമതിയില്ലാതെയും, വൃക്ഷത്തിന്റെ രണ്ടു തൈകൾ അതേ സ്ഥലത്തോ തൊട്ടടുത്ത സ്ഥലത്തോ നടണം എന്ന നിബന്ധനയിലും, വാഹനങ്ങൾക്കോ കാൽനടയാത്രക്കാർക്കോ, അപകടമുള്ളതായി കാണപ്പെടുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പ്രാദേശികസർക്കാരിന് അധികാരം നൽകാവുന്നതാണ്. *(ശുപാർശ നിരസിച്ചു)*

103. ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് രണ്ടു തവണ മാത്രമേ പ്രാദേശിക സർക്കാർ പരിഷ്ക്കരിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കാവുന്നതാണ്. *(ശുപാർശ അംഗീകരിച്ചു)*

**ബി.എ. പ്രകാശ് (ബി. ആൽവിൻ പ്രകാശ്)**

ഡോ.ബി.എ.പ്രകാശ് 1976-ൽ കാലിക്കറ്റ് സർവ്വകലാശാലയുടെ സാമ്പത്തിക ശാസ്ത്രവകുപ്പിൽ (ജോൺ മത്തായി സെന്റർ, തൃശൂർ) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിൽക്കാലത്ത് വകുപ്പുമേധാവിയും പ്രൊഫസറുമായി. പ്രഗത്ഭ യുവ സാമൂഹ്യശാസ്ത്രജ്ഞർക്കുള്ള 'യംഗ് സോഷ്യൽ സയന്റിസ്റ്റ് ഫെലോ' (1980-82), 'കരിയർ അവാർഡ്' (1986-89) എന്നിവ നേടി. ഈ അഞ്ചു വർഷക്കാലത്ത് തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ കേരള സാമ്പത്തികവിഷയങ്ങളിൽ ഗവേഷണം നടത്തി. 1999ൽ കേരള സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്രവിഭാഗത്തിൽ പ്രൊഫസറായി നിയമിതനായ അദ്ദേഹം ആ വകുപ്പിൽ അവസാന അഞ്ചു വർഷക്കാലം വകുപ്പുമേധാവിയായി പ്രവർത്തിച്ചശേഷം 2008ൽ വിരമിച്ചു. സംസ്ഥാന സർക്കാർ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ പതിനൊന്ന് കമ്മിറ്റി/വിദഗ്ദ്ധപഠന സമിതികളിൽ അംഗമായിരുന്നിട്ടുണ്ട്. ഇതിനുപുറമെ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റി (2012-14) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ (2015-16) എന്നിവയുടെ അദ്ധ്യക്ഷനുമായിരുന്നിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിലെ പ്രൊഫസറാണ്.

*പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ (എഡിറ്റ് ചെയ്തത് ഉൾപ്പെടെ).*

- The Indian Economy since 1991: Economic Reforms and Performance (Revised Edition, Pearson, 2012) (Ed).
- The Indian Economy since 1991: Economic Reforms and Performance, (Pearson, 2009). (Ed).
- Kerala's Economic Development: Performance and Problems in the Post-Liberalisation Period. (Sage, 2004) (Ed).
- Kerala's Economic Development: Issues and Problems. (Sage, 1999) (Ed).
- Kerala's Economy: Performance, Problems, Prospects. (Sage, 1994) (Ed).
- Kerala's Development Issues in the New Millennium. (Serials, 2008) (Ed).
- Indian Migration to the Middle East: Trends, Patterns and Socio-Economic Impacts. (Spell Bound, 1998) (Ed).
- കേരളത്തിലെ ദാരിദ്ര്യം: സവിശേഷതകളും നിർമ്മാർജ്ജന പദ്ധതികളും, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസ് (2012).
- ധനധൂർത്ത് രാഷ്ട്രീയവും രൂക്ഷ ധനപ്രതിസന്ധിയും (കറന്റ്ബുക്സ്, തൃശൂർ, 2017)

## www.keralaeconomy.com

(Visit the Website for Economic Literature on Kerala's Economy)

**Contents**

**Home**

**Research Studies and Abstracts**

- Economic History
- Development and Fiscal Issues
- Agriculture & Allied
- Secondary & Tertiary
- Migration
- Employment & Unemployment
- Local Governments
- Other Topics

**Books and Reports**

**Malayalam Publications**

**Kerala's Economic Data**

- Data on 14 topics (255 Tables)

**Notification and Current Issues**

**Gallery**

---

*പ്രസാധകൻ: ബി.എ. പ്രകാശ്*
*B.N.R.A. 164 A, കവടിയാർ*
*തിരുവനന്തപുരം 695 003*
*അച്ചടിച്ചത്: അക്ഷര ഓഫ്സെറ്റ്,*
*വഞ്ചിയൂർ, തിരുവനന്തപുരം*
*ഫെബ്രുവരി 2018*